"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പ്ലാൻ സ്കീം 2023-24 - കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ - 'കോഴിക്കോട് ജില്ലാകളക്ടറുടെ ക്യാമ്പ് ഓഫീസിന്റെ അറ്റകുറ്റപണികൾ പൂർത്തീകരണം' എന്ന പ്രവൃത്തി തെരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.626/2025/RD തീയതി,തിരുവനന്തപുരം, 15-03-2025

---

പരാമർശം:-

1. 08.09.2023 തീയതിയിലെ സ.ഉ(സാധാ) നമ്പർ 3258/2023/റവ നമ്പർ ഉത്തരവ്.
2. 21.10.2024 തീയതിയിലെ സ.ഉ(സാധാ) നമ്പർ 2516/2024/റവ നമ്പർ ഉത്തരവ്.
3. കോഴിക്കോട് ജില്ലാ കളക്ടറുടെ 07.11.2024 തീയതിയിലെ DCKKD/1373/2023-D6 നമ്പർ നടപടിക്രമം.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 27.01.2025, 28.02.2025 തീയതികളിലെ LR/4376/2024-LR(M1) നമ്പർ കത്തുകൾ.

**ഉത്തരവ്**

2023-2024 സാമ്പത്തിക വർഷത്തെ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം-1 പ്രകാരം കോഴിക്കോട് സബ് കളക്ടറുടെ ക്യാമ്പ് ഓഫീസിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തിക്ക് 34 ലക്ഷം രൂപയുടെയും കോഴിക്കോട് അസിസ്റ്റന്റ് കളക്ടറുടെ ചേംബർ നവീകരണത്തിനായി 12 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകി ഉത്തരവായിരുന്നു. തുടർന്ന്, കോഴിക്കോട് അസിസ്റ്റന്റ് കളക്ടറുടെ ചേംബർ നവീകരണം എന്ന പ്രവൃത്തിയുടെ ഭരണാനുമതി തുക 12 ലക്ഷം എന്നുള്ളത് 8 ലക്ഷം രൂപയാക്കി കുറവ് ചെയ്ത് പുതുക്കിയ ഭരണാനുമതി നൽകിയും ടി പ്രവൃത്തിയിൽ അവശേഷിച്ച 4 ലക്ഷം രൂപയ്ക്ക് കോഴിക്കോട് ജില്ലാകളക്ടറുടെ ക്യാമ്പ് ഓഫീസിന്റെ അറ്റകുറ്റപണികൾ പൂർത്തീകരണം എന്ന പ്രവൃത്തി തെരഞ്ഞെടുത്തും പരാമർശം-2 പ്രകാരം ഉത്തരവാകുകയുണ്ടായി.

2] കോഴിക്കോട് സബ് കളക്ടറുടെ ക്യാമ്പ് ഓഫീസിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തി 95% പൂർത്തിയായ ഘട്ടത്തിൽ പ്രസ്തുത കെട്ടിടം ജില്ലാ കളക്ടറുടെ ക്യാമ്പ് ഓഫീസായി മാറ്റി പരാമർശം-3 പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്.

3] കോഴിക്കോട് സബ് കളക്ടറുടെ ക്യാമ്പ് ഓഫീസ് കെട്ടിടം ജില്ലാ കളക്ടറുടെ ക്യാമ്പ് ഓഫീസായി മാറ്റിയതിനുശേഷം ചുറ്റുമതിൽ, കിച്ചൻ കാബിനറ്റ്, ലാൻഡ് സ്കേപ്പിംഗ് എന്നീ പ്രവൃത്തികൾ കൂടി ചെയ്യേണ്ടതുണ്ട് എന്ന് ബോധ്യപ്പെട്ടത് പ്രകാരം പ്രസ്തുത പ്രവൃത്തിയ്ക്കായി 12 ലക്ഷം

രൂപ അനുവദിക്കണമെന്ന് ജില്ലാ കളക്ടറുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം-4 പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായി. കോഴിക്കോട് ജില്ലാകളക്ടറുടെ ക്യാമ്പ് ഓഫീസിനുള്ള ചുറ്റുമതിൽ, കിച്ചൻ കാബിനറ്റ്, ലാൻഡ് സ്കേപ്പിംഗ് എന്നീ പ്രവൃത്തികൾക്കായി വേണ്ടി വരുന്ന പ്രസ്തുത 12 ലക്ഷം രൂപ ഭരണാനുമതി നൽകിയ പരാമർശം-2 സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുന്നതിലൂടെയും കൂടാതെ 2023-2024 സാമ്പത്തിക വർഷത്തെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം-1 പ്രകാരം കോഴിക്കോട് അസിസ്റ്റന്റ് കളക്ടറുടെ ചേംബർ നവീകരണത്തിനായി അനുവദിച്ചിരുന്ന പ്രവൃത്തി നിർവ്വഹിക്കപ്പെടാത്തതിനാൽ ടി പ്രവൃത്തിയുടെ ഭരണാനുമതി തുകയായ 12 ലക്ഷം രൂപയിൽ നിന്നും കണ്ടെത്തുന്നതിനുമാണ് ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുള്ളത്.

4] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-2024 സാമ്പത്തിക വർഷത്തെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം-1 പ്രകാരം ഭരണാനുമതി നൽകിയ കോഴിക്കോട് സബ് കളക്ടറുടെ ക്യാമ്പ് ഓഫീസിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തി 'കോഴിക്കോട് ജില്ലാ കളക്ടറുടെ ക്യാമ്പ് ഓഫീസിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരണം' എന്ന് പുനർനാമകരണം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. കൂടാതെ പരാമർശം-2-ലെ സർക്കാർ ഉത്തരവ് പ്രകാരം പുനഃക്രമീകരിക്കപ്പെട്ട പ്രവൃത്തികൾ നാളിതുവരെ നിർവ്വഹിക്കപ്പെടാത്തതിനാൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്തും 2023-2024 സാമ്പത്തിക വർഷത്തെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം-1 പ്രകാരം കോഴിക്കോട് അസിസ്റ്റന്റ് കളക്ടറുടെ ചേംബർ നവീകരണം എന്ന പ്രവൃത്തിയ്ക്കായി അനുവദിച്ച ഭരണാനുമതി തുക 'കോഴിക്കോട് ജില്ലാ കളക്ടറുടെ ക്യാമ്പ് ഓഫീസിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരണം' എന്ന പ്രവൃത്തിയ്ക്കായി മാറ്റി അനുവദിച്ചും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sheeba V R
Date: 15-03-2025 15:54:22